(1)	(2)	(3)
13.	പനമരം	93
14.	തൊണ്ടർനാട്	72
15.	വെള്ളമുണ്ട	74
16.	വൈത്തിരി	25
17.	പൊഴുതന	57
18.	മുപ്പൈനാട്	26
19.	മേപ്പാടി	54
20.	മൂട്ടിൽ	45
21.	കണിയാമ്പറ്റ	106
22.	കോട്ടത്തറ	24
23.	പടിഞ്ഞാറത്തറ	73
24.	തരിയോട്	72
25.	വെങ്ങപ്പള്ളി	28
26.	കൽപ്പറ്റ മുനിസിപ്പാലിറ്റി	6
	ആകെ	1851

LIBRARY ARCHIVES Kerala Legislative Assembly

വാഴാനി ടൂറിസ്റ്റ് ഡെസ്റ്റിനേഷനിൽ ഫിഷറീസ് അക്വേറിയം

204 (412) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി വാഴാനി ടൂറിസ്റ്റ് ഡെസ്റ്റിനേഷനിൽ ഫിഷറീസ് അക്വേറിയം ആരംഭിക്കുന്നതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത അക്വേറിയം തുടങ്ങുന്നതിനായി ഫിഷറീസ് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വടക്കാഞ്ചേരി വാഴാനി ടൂറിസ്റ്റ് ഡെസ്റ്റിനേഷനിൽ ഫിഷറീസ് അക്വേറിയം ആരംഭിക്കുന്നതിന് 69 ലക്ഷം രൂപയുടെ പ്രോജക്ടിനായി രാഷ്ട്രീയ കൃഷി വികാസ് യോജന 2010-11-ൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത അക്വേറിയം സ്ഥാപിക്കുന്നതിനായി ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുമായി ഡാം പരിസരത്ത് അനുയോജ്യമായ 72 സെന്റ് സ്ഥലം കണ്ടെത്തി Location sketch തയ്യാറാക്കിയിട്ടുണ്ട്. സ്ഥലം ഉപയോഗിക്കുന്നതിന് ജലസേചന വകുപ്പിൽനിന്ന് permissive sanction ലഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.